R1/29892/2023/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 26.07.2023

**പരിപത്രം**

വിഷയം:- കോ വി വ- ഇ ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് - 2020 -21 വരെയുള്ള ക്ലെയിമുകൾ അടിയന്തിരമായി തീർപ്പാക്കുന്നതു സംബന്ധിച്ച്

സൂചന :- 15 / 07 / 2023 തീയ്യതിയിലെ പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള കത്ത് നമ്പർ SCDD / 10166 / 2021 -B1 (EDN B)-1

**********

സൂചന പ്രകാരം ഈ ഓഫീസിൽ ലഭ്യമായ പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടറുടെ കത്തും ഇ ഗ്രാന്റ്സ് ക്ലെയിമുകളെ സംബന്ധിച്ച നടപടി ഉത്തരവും മേൽ നടപടി സ്വീകരിക്കുന്നതിനായി ഈ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

ഒപ്പ്/-
മനോമോഹൻ കെ
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

Approval Valid

Digitally Approved By
മനോമോഹൻ കെ
Date 26.07.2023
Reason: Approved

# SCDD/10166/2021-B1 (EDN B)

/34783/2023

സർ,

വിഷയം: ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്- 2020-21 വരെയുള്ള ക്ലെയിമുകൾ അന്തിമമായി തീർപ്പാക്കുന്നത്- സംബന്ധിച്ച്

സൂചന : 1. സർക്കാർ കത്ത് നം. എ2/140/2023/പജപവവിവ തീയതി 04/07/2023

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 13/07/2023 ലെ ഉത്തരവ് നം. SCDD/10166/2021-B1 (EDN B)

ഇ-ഗ്രാന്റ്സ് മുഖേനയുള്ള എല്ലാ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ഭാഗമായി സൂചന (1) ലെ സർക്കാർ നിർദേശാനുസരണം സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

2020-21 വരെയുള്ള എല്ലാ ഇ-ഗ്രാന്റ്സ് ക്ലെയിമുകളും ജില്ലാ ഓഫീസുകളിൽ രേഖാമൂലം സമർപ്പിക്കുന്നതിന് 2023 ഡിസംബർ 15 വരെ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. 2020-21 വരെയുള്ള ക്ലെയിമുകൾ സമർപ്പിക്കുന്നതിനും തുക ലഭിക്കുന്നതിനും പിന്നീട് ഒരു അവസരം നൽകുന്നതല്ല. ആയതിനാൽ 2020-21 വരെയുള്ള എല്ലാ പെൻഡിംഗ് ക്ലെയിമുകളും ഉത്തരവിൽ പരാമർശിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ അതാത് ജില്ലാ ഓഫീസുകളിൽ യഥാവിധി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങൾക്കും അങ്ങയുടെ ഓഫീസിൽ നിന്നും നിർദേശം നൽകുവാൻ അഭ്യർഥിക്കുന്നു.

വിശ്വസ്തതയോടെ

**Signed by Sindhu Parames**
**Date: 15-07-2023 09:15:05**

ഡയറക്ടർക്ക് വേണ്ടി

ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)

/34580/2023

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(Present: K. Gopalakrishnan IAS)

വിഷയം:- ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്- 2020-21 വരെയുള്ള ക്ലെയിമുകൾ തീർപ്പാക്കുന്നത്- സമയ പരിധി ദീർഘിപ്പിക്കുന്നത്- സംബന്ധിച്ച്

പരാമർശം:-

1) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 28/06/2022 ലെ ഉത്തരവ് നം. SCDD/10166/2021-B1 (EDN B)
2) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 02/09/2022 ലെ ഉത്തരവ് നം. SCDD/10166/2021-B1 (EDN B)
3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 31/03/2023 ലെ കത്ത് നം. SCDD/10166/2021-B1 (EDN B)
4) സർക്കാർ കത്ത് നം. എ2/140/2023/പജപവവിവ തീയതി 04/07/2023

No: SCDD/10166/2021-B1 (EDN B) Date:13-07-2023

പട്ടികജാതി / പട്ടികവർഗ/ മറ്റ് പിന്നാക്ക വിഭാഗ വിദ്യാർഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ സിംഗിൾ വിൻഡോ പോർട്ടലായ ഇ-ഗ്രാന്റ്സ്3.0 മുഖേന നൽകി വരുന്നു. പട്ടികജാതി/ പിന്നാക്ക വിഭാഗ വിദ്യാർഥികളുടെ അപേക്ഷകൾ പട്ടികജാതി വികസന വകുപ്പ് മുഖേനയും പട്ടികവർഗ വിദ്യാർഥികളുടെ അപേക്ഷകൾ പട്ടികവർഗ വികസന വകുപ്പ് മുഖേനയും നടപടി സ്വീകരിക്കുന്നു. എന്നാൽ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ വിദ്യാർഥികൾ സമയബന്ധിതമായി സമർപ്പിക്കാതെയും സ്ഥാപനങ്ങളിൽ നിന്നും സമയബന്ധിതമായി നടപടികൾ സ്വീകരിക്കാതെയും വർഷങ്ങൾക്കു ശേഷവും നിരന്തരമായി ലഭിച്ചു കൊണ്ടിരിക്കുന്നത് സ്കോളർഷിപ്പ് നടപടികൾ നിർവഹിക്കുന്ന പട്ടികജാതി / പട്ടികവർഗ വികസന വകുപ്പുകൾക്കു പ്രയാസം സൃഷ്ടിക്കുന്ന സാഹചര്യവും അതാത് അധ്യയന വർഷത്തെ സ്കോളർഷിപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ഉണ്ടാക്കുന്ന കാലതാമസവും കണക്കിലെടുത്ത് 2020-21 വരെയുള്ള വർഷങ്ങളിലെ സ്കോളർഷിപ്പ് അപേക്ഷകൾ അന്തിമമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി 2020-21 വരെയുള്ള എല്ലാ ക്ലെയിമുകളും തീർപ്പാക്കുന്നതിന് പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം അറിയിപ്പ് നൽകുകയും മതിയായ സമയപരിധി നിശ്ചയിച്ചു കൊണ്ട് നടപടികൾ പൂർത്തീകരിച്ച് സൈറ്റ് ക്ലോസ് ചെയ്യുകയുമുണ്ടായി.

എന്നാൽ ആവശ്യമായ അറിയിപ്പും മതിയായ സമയവും നൽകി നടപടികൾ പൂർത്തീകരിച്ചതിനു ശേഷവും 2020-21 വർഷത്തെ ക്ലെയിമുകൾക്കായി വീണ്ടും അപേക്ഷകൾ/ കത്തുകൾ സമർപ്പിച്ചു കൊണ്ടിരിക്കുന്ന അനഭിലഷണീയമായ പ്രവണതയാണ് സ്ഥാപനങ്ങളുടെയും വിദ്യാർഥികളുടെയും ഭാഗത്തു നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് 2020-21 വരെയുള്ള ക്ലെയിമുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച മാർഗ നിർദേശങ്ങൾക്കായി പരാമർശം (3) പ്രകാരം സർക്കാരിലേക്ക് അഭ്യർഥിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 2020-21 വരെയുള്ള സ്കോളർഷിപ്പ് ക്ലെയിമുകൾ

സമർപ്പിക്കുന്നതിന് 6 മാസം കൂടി സമയം അനുവദിച്ചു കൊണ്ടും അതിനു ശേഷമുള്ള അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കേണ്ടതില്ലെന്നും പരാമർശം (4) പ്രകാരം സർക്കാർ നിർദേശം ലഭ്യമായിട്ടുണ്ട്.

**മേൽ സാഹചര്യത്തിൽ 2020-21 വരെയുള്ള എല്ലാ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് ക്ലെയിമുകളും ചുവടെ പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അന്തിമമായി തീർപ്പാക്കുന്നതിന് ഉത്തരവു പുറപ്പെടുവിക്കുന്നു**

**A. ഇ-ഗ്രാന്റ്സ് പുതിയ സൈറ്റ് (2018-19 മുതൽ 2020-21 വരെയുള്ള ക്ലെയിമുകൾ)**

1. 2018-19 മുതൽ 2020-21 വരെയുള്ള ഏതെങ്കിലും ക്ലെയിമുകൾ (Student Part/ Institution Part) ഇനിയും വിതരണം ചെയ്യുവാൻ ശേഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ സ്ഥാപനത്തിൽ നിന്നും രേഖാമൂലം ലഭ്യമാക്കേണ്ടതാണ്. 2020-21 വരെയുള്ള ക്ലെയിമുകൾ സ്ഥാപനത്തിൽ നിന്നും ഓൺലൈനായി അയക്കുന്നതിനോ ജില്ലാ തലത്തിൽ സൈറ്റ് മുഖേന പ്രോസസ് ചെയ്യുന്നതിനോ ഓപ്ഷൻ ലഭ്യമല്ല. എന്നാൽ അർഹതയുള്ള ക്ലെയിമുകൾ പേയ്മെന്റ് ചെയ്യുന്നതിനു വേണ്ടി ജില്ലാ തലത്തിൽ നിന്നും Arrear Option മുഖേന ഓൺലൈനായി അയക്കുന്നതിന് സൌകര്യമുണ്ടായിരിക്കും.

2. മേൽ പ്രകാരം സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ഇ-ഗ്രാന്റ്സ് സൈറ്റിലെ Track Details/ ആവശ്യമായ രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം അർഹതയുള്ള തുക പേയ്മെന്റിനു വേണ്ടി ജില്ലാ തലത്തിൽ നിന്നും Arrear Option മുഖേന ഓൺലൈനായി അയക്കേണ്ടതാണ്.

3. സാങ്കേതിക കാരണങ്ങളാൽ ഏതെങ്കിലും ക്ലെയിമുകൾ മേൽ പ്രകാരം Arrear Option മുഖേന ഓൺലൈനായി അയക്കാൻ കഴിയാത്ത പക്ഷം അവ മാന്വലായി വിതരണം ചെയ്യേണ്ടതാണ്. ഇത്തരം ക്ലെയിമുകൾക്ക് ആവശ്യമായ തുക കണക്കാക്കി സൂക്ഷിക്കേണ്ടതും വിശദ വിവരങ്ങൾ ആവശ്യപ്പെടുന്ന മുറക്ക് നൽകേണ്ടതുമാണ്. വിവരങ്ങൾ ശേഖരിച്ചതിനു ശേഷം മാന്വലായി വിതരണം ചെയ്യുന്നതിനാവശ്യമായ തുക അലോട്ട് ചെയ്യുന്നതായിരിക്കും.

4. പരാമർശം (1), (2) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച അപേക്ഷകൾക്ക് മാന്വലായി തുക നൽകുന്നതിനാവശ്യമായ അലോട്ട്മെന്റ് വിവരം 16/02/2023 ലെ SCDD/10166/2021-B1 (EDN B) നമ്പർ കത്തു പ്രകാരം ജില്ലാ ഓഫീസർമാരിൽ നിന്നും Google Sheet മുഖേന ശേഖരിച്ചത് റദ്ദാക്കുന്നു. അത്തരം അപേക്ഷകൾ കൂടി ഇനി സ്വീകരിക്കുന്ന അപേക്ഷകളോടൊപ്പം പരിഗണിക്കേണ്ടതും Arrear Option മുഖേന ക്ലെയിം അയക്കുവാൻ കഴിയുന്നവ അപ്രകാരം ചെയ്യേണ്ടതുമാണ്. അല്ലാത്തവയിൽ മേൽ ഖണ്ഡിക (3) പ്രകാരം നടപടി സ്വീകരിക്കുക.

5. 2020-21 വർഷം വരെയുള്ള അപേക്ഷകൾ പുതുതായി സമർപ്പിക്കുവാൻ അവസരമുണ്ടായിരിക്കുന്നതല്ല. യഥാസമയം ഓൺലൈനായി അപേക്ഷിച്ചതും ക്ലെയിമുകൾ പെൻഡിംഗ് ആയിട്ടുള്ളതുമായ അപേക്ഷകൾ മാത്രമാണ് തീർപ്പാക്കുന്നതിനായി പരിഗണിക്കേണ്ടത്.

B. ഇ-ഗ്രാന്റ്സ് പഴയ സൈറ്റ് (2008-09 മുതൽ 2018-19 വരെയുള്ള ക്ലെയിമുകൾ)

1. പരാമർശം (1) ഉത്തരവിലെ ഖണ്ഡിക (3) (i), (ii) ലെ നിബന്ധനകൾ പ്രകാരമുള്ള ക്ലെയിമുകൾ മാത്രം സ്വീകരിക്കേണ്ടതും ഓൺലൈനായി തുക ക്ലെയിം ചെയ്യുവാൻ കഴിയാത്തതിനാൽ മേൽ ഖണ്ഡിക A(3) പ്രകാരം മാന്വൽ അലോട്ട്മെന്റിനായി പരിഗണിക്കേണ്ടതുമാണ്.

2. മേൽ പ്രകാരമുള്ള ക്ലെയിമുകൾക്ക് ആവശ്യമായി വരുന്നതുകയുടെ വിവരം ആവശ്യപ്പെടുന്ന മുറക്ക് അറിയിക്കേണ്ടതാണ്.

C. സമയക്രമം

1. സ്ഥാപനങ്ങൾക്ക് ക്ലെയിം രേഖാമൂലം സമർപ്പിക്കുവാനുള്ള അവസാന തീയതി 2023 ഡിസംബർ 15 ആയിരിക്കും. ഇതിനു ശേഷം ലഭിക്കുന്ന ഒരു ക്ലെയിമുകളും ഒരു സാഹചര്യത്തിലും പരിഗണിക്കുന്നതല്ല. ഇക്കാലയളവിൽ അലവൻസ് ലഭിച്ചിട്ടില്ലാത്ത വിദ്യാർഥികൾ നേരിട്ട് അപേക്ഷകൾ സമർപ്പിക്കുന്ന പക്ഷം ആയവ സ്ഥാപനം മുഖേന സമർപ്പിക്കുവാൻ നിർദേശം നൽകേണ്ടതും അപ്രകാരമുള്ള അപേക്ഷകൾ അർഹത പരിശോധിച്ച് തുക മേൽ ഖണ്ഡിക A (2), (3) പ്രകാരം പേയ്മെന്റിനായി അയക്കേണ്ടതുമാണ്.

2. ജില്ലാ തലത്തിലെ Arrear ഓപ്ഷൻ 2023 ഡിസംബർ 31 ന് ക്ലോസ് ചെയ്യുന്നതാണ്. 2023 ഡിസംബർ 15 വരെ ലഭിച്ച എല്ലാ അപേക്ഷകളും അതിനു മുമ്പായി തീർപ്പ കൽപ്പിച്ച് അർഹതയുള്ളവ പേയ്മെന്റിനായി ക്ലെയിം അയച്ചിരിക്കണം.

3. മുൻ ഖണ്ഡിക A (3), B (1) എന്നിവ പ്രകാരം മാന്വലായി വിതരണം ചെയ്യേണ്ട തുകയുടെ വിവരങ്ങൾ 2024 ജനുവരി 15 നു മുമ്പായി റിപ്പോർട്ട് ചെയ്യണം. ഇതിനായി യഥാസമയം Google Sheet ഷെയർ ചെയ്യുന്നതാണ്.

4. എല്ലാ നടപടികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഓരോ മാസത്തിലും ലഭിക്കുന്ന അപേക്ഷകൾ അതാത് മാസം തന്നെ തീർപ്പാക്കേണ്ടതും പുരോഗതി വിവരം അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

5. നിശ്ചയിച്ചിട്ടുള്ള സമയ പരിധിയിൽ ഒരു മാറ്റവും അനുവദിക്കുന്നതല്ല. സമയ പരിധി ദീർഘിപ്പിക്കുന്നതിനായി പിന്നീട് അയക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

D. പ്രചാരണം

1. എല്ലാ സ്ഥാപനങ്ങൾക്കും ഈ വിഷയം സംബന്ധിച്ച് വ്യക്തവും സുതാര്യവുമായ രീതിയിൽ അറിയിപ്പ നൽകണം. അറിയിപ്പ നൽകിയതിന്റെ രേഖകൾ ജില്ലാ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതാണ്. നിശ്ചിത കാലയളവിനുള്ളിൽ കുറഞ്ഞത് 2 തവണയെങ്കിലും സ്ഥാപനങ്ങൾക്ക് ഈ വിഷയത്തിൽ ഓർമ്മക്കുറിപ്പ നൽകേണ്ടതാണ്.

2. ജില്ലാ തലത്തിൽ പത്രമാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ, മറ്റ് സാധ്യമായ മാർഗങ്ങൾ എന്നിവ മുഖേന മതിയായ പ്രചാരണം നൽകേണ്ടതാണ്.

<u>E. ബാധ്യതകൾ</u>

1. സ്ഥാപനത്തിനു ലഭിക്കാനുള്ളതും വിദ്യാർഥികൾക്കു ലഭിക്കാനുള്ളതുമായ എല്ലാ ക്ലെയിമുകളും അപേക്ഷിക്കേണ്ടത് സ്ഥാപന മേധാവിയുടെ ഉത്തരവാദിത്തമാണെന്നത് ബോധ്യപ്പെടുത്തേണ്ടതാണ്.

2. നിശ്ചിത സമയപരിധിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ പ്രകാരമുള്ള തുകയുടെ ബാധ്യത ക്ലെയിം യഥാസമയം സമർപ്പിക്കാത്ത സ്ഥാപന മേധാവിക്ക് ആയിരിക്കും. എന്നാൽ സ്ഥാപന മേധാവിക്ക് ഇതു സംബന്ധിച്ച് യഥാസമയം അറിയിപ്പ് നൽകിയിട്ടില്ലെങ്കിൽ ടി തുകയുടെ ബാധ്യത ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും ആയിരിക്കും.

(ഒപ്പ്)

**K. GOPALAKRISHNAN IAS**
**DIRECTOR**

---

Forwarded/ By Order

**Signed by Ansari C S**
**Date: 14-07-2023 10:31:30**

Superintendent

---

◆ എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും
(സ്ഥാപനങ്ങൾക്ക് യഥാവിധി അറിയിപ്പ് നൽകുന്നതിനും തുടർ നടപടികൾക്കുമായി)

◆ രജിസ്ട്രാർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം
(ഇ-ഗ്രാന്റ്സ് സൈറ്റിൽ ക്രമീകരണങ്ങൾ ചെയ്യുന്നതിന്)

പകർപ്പ്:-
1) എല്ലാ നിയന്ത്രണ ഉദ്യോഗസ്ഥർക്കും
2) എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
3) സൂപ്രണ്ട്, എസ്റ്റാ-സി (സോഷ്യൽ മീഡിയ പേജുകളിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) ചീഫ് പബ്ലിസിറ്റി ഓഫീസർ (ദിനപത്രങ്ങളിൽ വാർത്ത പ്രസിദ്ധീകരിക്കുന്നതിന്)
5) സ്റ്റോക്ക് ഫയൽ / സ്പെയർ